# 21

ഉണർന്നെഴുന്നേൽക്കുക തിരുസഭയെ
മണവാളന്റെ വരവിനായ് ഒരുങ്ങീടുക
വരുമതി വേഗമെന്നരുളിയവൻ
പരിവാരങ്ങളോടിതാ വരുന്നു വാനിൽ

വരുമേ വാനത്തിൽ പ്രിയ കാന്തൻ
പതിനായിരങ്ങളിൽ അതിശ്രേഷ്ഠൻ
വിരവോടവനെ നാം എതിരേല്പാൻ
ഒരുങ്ങാം ഒരുങ്ങാം തിരുസഭയെ

1. ഉടയവൻ അരുളിയോരടയാളങ്ങൾ
ഭൂവിൽ നിറവേറുന്നോരോന്നായ് നിറവേറുന്നു
കൊടിയ വിനകളെങ്ങും നടമാടുന്നു
ദൈവസഭയെ നിൻ തലയെ നീ ഉയർത്തീടുക    വരുമേ

2. അശുദ്ധമാം വസനത്തെ എറിഞ്ഞീടുക
ദിവ്യമഹത്വത്തിന്നലങ്കാരം ധരിച്ചീടുക
വിശുദ്ധിയെ തികച്ചു നീ ഒരുങ്ങി നിന്നാൽ
സ്വർഗ്ഗമഹിമയിൻ മണവാളൻ അണച്ചീടുമേ    വരുമേ

3. നൊടി നേരത്തേക്കുള്ള ദുരിതമുണ്ടേ
അതിന്നൊടുവിലോ നിത്യമാം മഹിമയുണ്ടേ
അനിത്യമാം സുഖത്തെ നീ വെറുത്തിടുമ്പോൾ
നിത്യമഹത്വത്തിൻ പ്രതിഫലം അനന്തമല്ലോ    വരുമേ